# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3368** — **14/3/2018-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ വിപണനം

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) മരുന്ന് വിപണന മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

എ) മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ഔഷധങ്ങളുടെ ഉപയോഗവും ആവശ്യകതയും അനുസരിച്ച് അവയെ അവശ്യമരുന്ന് പട്ടികയിൽ (നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻസ്) ഉൾപ്പെടുത്തി, അവയുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ)-യ്ക്കാണ്.

മൊത്ത/ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ നിരന്തരം പരിശോധന നടത്തി എൻ.പി.പി.എ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നുവെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. വില നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻ.പി.പി.എ-യെ അറിയിക്കുകയും അധികമായ ഈടാക്കിയ വില സർക്കാരിലേക്ക് കണ്ടു കെട്ടുന്നതിനുള്ള നടപടികൾ എൻ.പി.പി.എ സ്വീകരിക്കുന്നുമുണ്ട്. കൂടാതെ, വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്ന് വിതരണം ശ്രദ്ധയിൽപ്പെടുന്ന പക്ഷം, നിയമം ലംഘിക്കുന്നവർക്കെതിരെ, അവശ്യ വസ്തു നിയമപ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

മാത്രമല്ല, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ, കേരള ജനറിക് സ്റ്റോറുകൾ, ജൻ ഔഷധി സ്റ്റോറുകൾ പോലുള്ള സ്ഥാപനങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കാരുണ്യ ഫാർമസികൾ മുഖാന്തിരം ബ്രാൻഡഡ് മരുന്നുകൾ 10 ശതമാനം മുതൽ

➡

| | | | |
|---|---|---|---|
| | | | 93 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| ബി) | 'കേരള ജനറിക്' എന്ന പേരിൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി വഴി ജനറിക് മരുന്നുകളുടെ വിപണനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ-യൊക്കെയാണ് പ്രസ്തുത വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | ഉണ്ട്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും(തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ,കോഴിക്കോട്), എറണാകുളം ജനറൽ ആശുപത്രിയിലും കേരള ജനറിക്സ് ഫാർമസികൾ പ്രവർത്തിച്ചുവരുന്നു. |
| സി) | പ്രസ്തുത സംവിധാനം വിജയ-പ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | നിലവിൽ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ആരംഭിച്ചിട്ടുള്ള കേരള ജനറിക് മരുന്നുകളുടെ വിപണനത്തിന്റെ വിജയ സാധ്യത അനുസരിച്ച് കാരുണ്യയുടെ മറ്റ് ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | രോഗികൾക്ക് ജനറിക് മരുന്നുകൾ കുറിച്ച് നൽകുന്നതിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം ഡോക്ടർമാർ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എന്ത് സംവിധാനമാണ് ഒരുക്കി-യിട്ടുള്ളതെന്ന് അറിയിക്കാമോ? | ഡി) | ഉണ്ട്. എല്ലാ ജില്ലകളിലും Prescription Audit Committee രൂപീകരിച്ചുകൊണ്ടുള്ള സർക്കുലർ ആരോഗ്യവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഡോക്ടർമാർ ജനറിക് നാമത്തിൽ തന്നെയാണോ കുറിപ്പടി എഴുതുന്നത് എന്ന് പ്രസ്തുത കമ്മിറ്റി പരിശോധിക്കുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഡോക്ടർമാർക്കെതിരെ ആരോഗ്യവകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

4/